# കേരള കാർഷിക സർവ്വകലാശാല

കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് & ടെക്നോളജി,
തവനൂർ (പി.ഒ), മലപ്പുറം ജില്ല, 679 573 (പിൻ), കേരളം
ഫോൺ +91 0494 2686214, ഇ-മെയിൽ kcaet@kau.in


നം.എ3-2554/22 തീയ്യതി : 11.05.2022

## ക്വട്ടേഷൻ നോട്ടീസ്

ഈ കോളേജിലെ സുരക്ഷാ ജോലികൾക്കായി, ജോലി തുടങ്ങുന്ന തിയ്യതി മുതൽ ഒരു വർഷത്തേക്ക് സുരക്ഷ ജീവനക്കാരെ ലഭ്യമാക്കുന്നതിന് (ചുരുങ്ങിയത് നാല് പേർ) പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട് 2005 പ്രകാരം ലൈസൻസ് ഉള്ള സെക്യൂരിറ്റി ഏജൻസികളിൽ നിന്നും താഴേക്കാണുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ സ്വീകരിക്കുന്നു.

വ്യവസ്ഥകളും നിബന്ധനകളും

1. വെള്ളക്കടലാസിൽ, 8 മണിക്കൂർ, സുരക്ഷ ജോലിക്ക് ഒരാൾക്ക് പ്രതിമാസം ലഭിക്കേണ്ട കുറഞ്ഞ കൂലി, (എല്ലാ നികുതികളും അടക്കം), രേഖപ്പെടുത്തി മൊബൈൽ നമ്പറും പൂർണ്ണ മേൽവിലാസവും സഹിതം പേരെഴുതി ഒപ്പിട്ട് കവറിൽ അടക്കം ചെയ്ത് ഒട്ടിച്ചാണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്. കവറിനു പുറത്ത് ' KCAET-യിലെ സെക്യൂരിറ്റി ജോലികൾക്കുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ഇപ്രകാരം തയ്യാറാക്കുന്ന ക്വട്ടേഷനുകൾ 27/05/2022 ന് ഉച്ചക്ക് ശേഷം 2 മണിക്കോ അതിനു മുൻപോ ആയി 'ഡീൻ ഓഫ് ഫാക്കൽറ്റി (അഗ്രി. എഞ്ചി.), കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി, തവനൂർ' എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്. അന്നേ ദിവസം 2.30 ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ആ സമയത്ത് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്.
3. നിരതദ്രവ്യം 1000/- (ആയിരം രൂപ മാത്രം) ആയി നിജപ്പെടുത്തിയിരിക്കുന്നു. ഈ തുക പണമായി നേരിട്ട് ഈ കോളേജ് ഓഫീസിലോ 'ഡീൻ, കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, തവനൂർ' എന്ന വിലാസത്തിൽ എടുത്തതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുറ്റിപ്പുറം ശാഖയിൽ മാറാവുന്നതും ആയ ഡിമാന്റ് ഡ്രാഫ്റ്റായോ അടക്കേണ്ടതാണ്.
4. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന ഏജൻസിക്ക്/രജിസ്ട്രേഷനും സെക്യൂരിറ്റി സേവന രംഗത്ത് കുറഞ്ഞത് 3 വർഷത്തെയെങ്കിലും മുൻകാല പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ഇതു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. സുരക്ഷ ജീവനക്കാരായി നിയമിക്കപ്പെടുന്നവരുടെ കുറഞ്ഞ വേതനം, വേതനവുമായി ബന്ധപ്പെട്ട പരാതികൾ, മിനിമം വേജ് ആക്ട്, ഇ.പി.എഫ് ആൻഡ് എം.പി ആക്ട്,

ഇ.എസ്.ഐ ആക്ട്, വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് തുടങ്ങി എല്ലാ വിധ തൊഴിൽ നിയമങ്ങളുടെയും ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന്റെ ഉത്തരവാദിത്തം ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ഏജൻസിയിൽ നിക്ഷിപ്തമാണ്. കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരു ബാധ്യതയും ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്നതല്ല.

6. ആകെ നിയമിക്കുന്ന സെക്യൂരിറ്റി ഗാർഡുമാരിൽ 50% പേർ നിർബന്ധമായും വിമുക്തഭടൻമാരായിരിക്കണം. ഇപ്രകാരം നിയമിക്കപ്പെടുന്ന സുരക്ഷ ജീവനക്കാരുടെ തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷൻ ലഭിച്ച ഏജൻസി ഹാജരാക്കേണ്ടതാണ്.
7. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവരുടെ കൂടിയ പ്രായം 01.01.2022 ന് 60 വയസ്സായി നിജപ്പെടുത്തിയിരിക്കണം. നിയോഗിക്കപ്പെടുന്ന സുരക്ഷ ജീവനക്കാർക്ക് നല്ല കായികക്ഷമത ഉണ്ടായിരിക്കണം.
8. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാവരുത്. ഏതെങ്കിലും കോടതിയിലോ പോലീസ് സ്റ്റേഷനിലോ ഇവർക്കെതിരായി കേസുകൾ നിലവിലില്ല എന്ന് ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ഏജൻസി സത്യവാങ്മൂലം നൽകേണ്ടതാണ്. ജോലിയിലിരിക്കുമ്പോൾ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത കാര്യം സംഭവം നടന്ന് 24 മണിക്കൂറിനകം കരാറുകാരൻ ഡീൻ ഓഫ് ഫാക്കൽറ്റിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.
9. സുരക്ഷ ഉദ്യോഗസ്ഥരുടെ അശ്രദ്ധ മൂലമോ ജോലിയിലുണ്ടാകുന്ന വീഴ്ച മൂലമോ സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്ന സ്ഥാപനം നേരിട്ട് ഉത്തരവാദിയായിരിക്കും. ഇത്തരത്തിലുള്ള നഷ്ടം ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണ്.
10. ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനം 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള മുദ്രപത്രത്തിൽ ഒരു കരാർ തയ്യാറാക്കി ഒപ്പിട്ട് നൽകേണ്ടതും സുരക്ഷ നിക്ഷേപമായി 1000/- രൂപ (ആയിരം രൂപ മാത്രം) ഓഫീസിൽ അടക്കേണ്ടതുമാണ്. ഇപ്രകാരം അടക്കുന്ന സുരക്ഷ നിക്ഷേപം ക്വട്ടേഷൻ കാലാവധിക്കു ശേഷം രശീതി ഹാജരാക്കുന്ന മുറയ്ക്ക് മറ്റ് നടപടിക്രമങ്ങൾക്ക് വിധേയമായി തിരികെ നൽകുന്നതുമാണ്.
11. സുരക്ഷ ജോലികളുടെ മേൽനോട്ട അധികാരമുള്ള ഉദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണമാണ് ജോലികൾ ചെയ്യേണ്ടത്.
12. സർക്കാർ ചട്ട പ്രകാരം ബന്ധപ്പെട്ട രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യമായ സമയങ്ങളിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ബന്ധപ്പെട്ട സർക്കാർ നിയമങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാലിക്കേണ്ടത് ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്.
13. സെക്യൂരിറ്റി ജോലികൾക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് വേണ്ട യൂണിഫോം, ഷൂ, ബെൽറ്റ് തുടങ്ങിയവ ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ സ്ഥാപനം അവരുടെ ചെലവിൽ നൽകേണ്ടതാണ്.

14. ആവശ്യാനുസരണം സെക്യൂരിറ്റി ജീവനക്കാരെ കരാർ കാലയളവിൽ ലഭ്യമാക്കാൻ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന് ബാധ്യതയുണ്ടായിരിക്കും.
15. ക്വട്ടേഷൻ കാലയളവിൽ വിന്യസിക്കപ്പെട്ട സെക്യൂരിറ്റി ജീവനക്കാർക്ക് അർഹമായ വേതനത്തിന് പുറമെ, സർവ്വകലാശാലയിൽ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനത്തിനോ ജോലിക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കോ ഒരു തരത്തിലുള്ള അവകാശങ്ങളും ഉണ്ടായിരിക്കുകയില്ല.
16. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം നൽകുന്ന പ്രതിമാസ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും സുരക്ഷ ജീവനക്കാരുടെ വേതനം വിതരണം ചെയ്യുക. ഇപ്രകാരം വിതരണം ചെയ്യുന്ന വേതനത്തിൽ നിന്ന് ആദായ നികുതി ബാധകമാണെങ്കിൽ ആയത് കുറവ് ചെയ്യുന്നതാണ്. നിയമാനുസരണം ബാധകമായ മറ്റു നികുതികൾ (**CGST, SGST** തുടങ്ങിയവ) ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനം നേരിട്ട് ബന്ധപ്പെട്ട ഓഫീസുകളിൽ അടക്കേണ്ടതാണ്.
17. സെക്യൂരിറ്റി ജീവനക്കാരുടെ ജോലി സമയത്തെ നിയന്ത്രണങ്ങളൊഴികെ അവരെ സംബന്ധിച്ച നിയമപരവും അല്ലാത്തതുമായ എല്ലാ ബാധ്യതകളും അവരെ ലഭ്യമാക്കിയ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.
18. ഏതെങ്കിലും സാഹചര്യത്തിൽ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന്റെ സേവനം തൃപ്തികരമല്ലാതെ കണ്ടാൽ കരാർ അവസാനിപ്പിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഡീൻ ഓഫ് ഫാക്കൽറ്റി, കെ.സി.എ.ഇ.ടി-യിൽ നിക്ഷിപ്തമായിരിക്കും.
19. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

(ഒപ്പ്)
ഡോ. സത്യൻ. കെ.കെ
ഡീൻ ഓഫ് ഫാക്കൽറ്റി (അഗ്രി. എഞ്ചി.)

സ്വീകർത്താവ് :

സർവ്വകലാശാല വെബ്സൈറ്റ്/കോളേജ് വെബ്സൈറ്റ് www.kcaet.in/

നോട്ടീസ് ബോർഡ്-വില്ലേജ് ഓഫീസ്, തവനൂർ ഗ്രാമപഞ്ചായത്ത്, തവനൂർ/

കെ.വി.കെ, മലപ്പുറം/ഇൻസ്ട്രക്ഷണൽ ഫാം, കെ.സി.എ.ഇ.ടി./മെയിൻ ഗേറ്റ്.

പകർപ്പ് :

സ്റ്റോക്ക് ഫയൽ/കരുതൽ

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ